കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഒരുമനയൂർ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ
e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി8)32/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020
Ph.No. 04872331249
ഇ- മെയിൽ – dotsr.ksad@kerala.gov.in
തീയ്യതി:06.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഒരുമനയൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ഒരുമനയൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി8)32/2017 തിയ്യതി:06.01.2017

തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 2015-16 വർഷം മാന്വൽ രശീതികൾ (ബുക്ക് നമ്പർ 54389-54395) ഉപയോഗിച്ച് വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 2015-16 വർഷം മാർച്ച് മാസത്തിലെ സാംഖ്യ രശീതികളുടെ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

<table>
<tr><td>ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ</td><td colspan="2">കെ.യു.ചേക്കുട്ടി<br>ഡെപ്യൂട്ടി ഡയറക്ടർ</td></tr>
<tr><td>ഓഡിറ്റിന് വിനിയോഗിച്ച സമയം</td><td colspan="2">31.10.16 മുതൽ 05.11.16 വരെ</td></tr>
<tr><td rowspan="5">ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</td><td>എം.എൽ.അഗസ്റ്റിൻ</td><td>ഓഡിറ്റ് ഓഫീസർ</td></tr>
<tr><td>ജയകൃഷ്ണൻ.എസ്</td><td>അസി.ഓഡിറ്റ് ഓഫീസർ</td></tr>
<tr><td>ഷൈനി കൃഷ്ണദാസ്.ഇ</td><td>അസി.ഓഡിറ്റ് ഓഫീസർ</td></tr>
<tr><td>ജോമോൻ.ഇ.കെ</td><td>സീനിയർ ഗ്രേഡ് ഓഡിറ്റർ</td></tr>
<tr><td>ബിന്ദു.സി.വി</td><td>ഓഡിറ്റർ</td></tr>
</table>

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശോഭന രവീന്ദ്രൻ | 1.4.15മുതൽ 2.5.15വരെ |
| | വി.കെ.ചന്ദ്രൻ (ഇൻ ചാർജ്) | 3.5.15 മുതൽ 20.5.15വരെ |
| | ഇ.ടി.ഫിലോമിന | 21.5.15മുതൽ 31.10.15വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1.11.15മുതൽ 18.11.15വരെ |
| | കെ.ജെ.ചാക്കോ | 19.11.15മുതൽ 31.3.16വരെ |
| സെക്രട്ടറി | ലത.കെ.വി | 1.4.15 മുതൽ 21.7.15വരെ |
| | ഇ.എ.രാജൻ | 22.7.15മുതൽ 31.3.16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | അനിൽകുമാർ. എ. | 1.4.15മുതൽ 31.5.15 വരെ |
| | രമ്യ. വി.എം. | 1.6.15മുതൽ 31.3.16വരെ |
| അസി.എഞ്ചിനീയർ | രിഷ്മ. പി.പി. | 1.4.15മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ഫ്രാൻസിസ് ജിമ്മി ജോസ് | 1.4.15മുതൽ 31.5.15 വരെ |
| | ഡോ.രാഖി വിജയൻ | 1.6.15മുതൽ 31.3.16വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ. സരിത.എസ് | 1.4.15മുതൽ 31.3.16 വരെ |
| വി.ഇ.ഒ. | രജന. ടി.ആർ. | 1.4.15മുതൽ 31.3.16 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഗിരിജ പിള്ളക്കാട് | 1.4.15മുതൽ 26.12.15 വരെ |

| | | |
|---|---|---|
| | ഷംസാദ്. എം | 27.12.15മുതൽ<br>31.3.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.സന്തോഷ്.പി.ടി | 1.4.15മുതൽ<br>31.3.16 വരെ |


ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | തൊഴിൽ നികുതി അടക്കുന്നതിൽ അലംഭാവം-നടപടികൾ സ്വീകരിക്കണം | 2-1 |
| 13 | സാംഖ്യയിൽ പേയ്മെന്റ് ഓർഡർ അടിക്കാതെ പണം പിൻവലിക്കലുകൾ നടത്തി | 2-2 |
| 14 | തൊഴിൽ നികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല | 2-3 |
| | ഭാഗം 3 | |
| 15 | ഭൗതികപരിശോധനയിൽ കാണപ്പെട്ട അപാകതകൾ | 3-1 |
| 16 | സപ്ലൈകോ മാവേലി സ്റ്റോർ -അനുബന്ധ സൗകര്യങ്ങൾ തുക നൽകിയത് | 3-2 |
| 17 | വിവിധ പ്രോജക്ടുകൾക്കായി കെൽട്രോണിൽ നിന്ന് കംപ്യൂട്ടറുകൾ വാങ്ങൽ -ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 3-3 |
| 18 | സി.എഫ്.എൽ വാങ്ങലും സ്ഥാപിക്കലും - അധികം വാങ്ങിയ ലൈറ്റുകളുടെ വിനിയോഗവിവരം | 3-4 |

| | | |
|---|---|---|
| | ലഭ്യമാക്കേണ്ടതാണ് | |
| 19 | വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല | 3-5 |
| 20 | അതുല്യം പ്രാഥമിക വിദ്യാഭ്യാസ പരിപാടി-പദ്ധതി പൂർത്തീകരണത്തിന്റെയും ലക്ഷ്യപ്രാപ്തി കൈവരിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 3-6 |
| 21 | മഴപ്പൊലിമ -പദ്ധതി പൂർത്തീകരണ സർട്ടിഫിക്കറ്റിൽ തീയ്യതി ചേർത്തിട്ടില്ല, വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല | 3-7 |
| 22 | ഗ്രാമസഭ വഴി തെരഞ്ഞെടുക്കപ്പെടാത്തവർക്കും ആനുകൂല്യം നൽകി | 3-8 |
| ഭാഗം 4 | | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.15 തിയ്യതിയിലെ 1 (1)-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2016 | 22.07.16 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം MGNREGS 5624279 രൂപയാണ്. എന്നാൽ I-14 (a) പ്രകാരം ഈ ഇനത്തിൽ 5574279രൂപയാണ് കാണിച്ചിരിക്കുന്നത്.

2.ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തിൽ നടത്തിയ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

3. നാളിതുവരെയുള്ള ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലെ DBT പ്രകാരമുള്ള ക്ഷേമ പെൻഷനുകളുടെ വരവ് ചെലവ് കണക്കുകൾ പരിശോധിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

5.സാക്ഷരത അക്കൗണ്ട് (അക്കൗണ്ട് നം. 038701000038053) പാസ്സ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, നീക്കിയിപ്പ് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ബാങ്ക് റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

6. സംയുക്ത പ്രോജക്ടുകൾക്ക് ഡി.ഡി / ചെക്ക് മുഖേന ലഭിക്കുന്ന ജില്ലാ ബ്ലോക്ക് വിഹിതങ്ങളുടെ ചെലവ് സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റിൽ വരുന്നില്ല.
7. കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ ഡെപ്പോസിറ്റ് വർക്കുകൾക്കായി അഡ്വാൻസ് നൽകിയ തുകയിൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ബാലൻസ് തുകയുണ്ട്. എന്നാൽ ആയത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തി കാണുന്നില്ല.

ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13147453.80 |
| വരവ് | 23390940 |
| ആകെ | 36538393.80 |
| ചെലവ് | 33780851 |
| നീക്കിയിരിപ്പ് | 2757542.80 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP 40b പ്രകാരം) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 774415 | 4525737 | 5300152 | 5300152 | 1897416 | - |
| വികസനഫണ്ട് എസ്.സി.പി. | 2405098 | 4530000 | 6935098 | 6935098 | - | - |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | 903999 | 2198333 | 3102332 | 2626024 | ബാക്കി 476308/- നോൺ റോഡിന് ചെലവഴിച്ചു | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1342220 | 1644805 | 2987025 | 3463333 | | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 613874 | 1802415 | 2416289 | 2372648 | 43641 | - |
| പെർഫോമൻസ് ഗ്രാന്റ് | 1953775 | 1697328 | 3651103 | 1797328 | 1853775 | - |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 5626918 | 5626918 | 5624279 | | 2639 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ(എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 115 | 26728171 | 107 | 23612907 | 6 | 2 | 93 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3116990 | 2391989 | 725001 | (-)23.25 |
| നികുതിയേതര വരവുകൾ | 301699 | 327905 | 26206 | (+)8.69 |
| മറ്റുവരവുകൾ | -- | -- | -- | |
| ആകെ | 3418689 | 2719894 | 698795 | (-)20.44 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 93120 | 58 |
| കർഷകത്തൊഴിലാളി പെൻഷൻ | 1175130 | 147 |
| വിധവാ പെൻഷൻ | 6292880 | 649 |
| വാർദ്ധക്യകാല പെൻഷൻ | 4318710 | 682 |
| വികലാംഗ പെൻഷൻ | 1288360 | 128 |
| അവിവാഹിത പെൻഷൻ | 288280 | 30 |
| വിധവകളുടെ പെൺമക്കൾക്ക് ധനസഹായം | 300000 | 10 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.10.2016 തിയ്യതിയിൽ 4.00 PMന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2103/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

1)പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതായ എല്ലാ രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

2) അസി.എഞ്ചിനീയർ, വി.ഇ.ഒ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർ നിശ്ചിത മാതൃകയിലുള്ള ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

3) എല്ലാ അപേക്ഷകളും, പരാതികളും ഫ്രണ്ട് ഓഫീസ് മുഖേന സ്വീകരിക്കുകയും യഥാസമയം

നടപടികളെടുത്തുവരികയും ചെയ്യുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.10.2016 | സെപ്റ്റംബർ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.07.2016 | 2011-12മുതൽ 2015-16 വരെ | 13.09.16 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി അടക്കുന്നതിൽ അലംഭാവം-നടപടികൾ സ്വീകരിക്കണം

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ IDC സ്കൂൾ, ഒരുമനയൂർ എന്ന സ്ഥാപനം 2015-16 രണ്ടാം പാദത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ഒന്നാം പാദത്തിലെ തൊഴിൽ നികുതിയായ 21450 രൂപ അടവാക്കിയിരിക്കുന്നത് 29.3.16 തിയ്യതിയിൽ മാത്രമാണ്. ഇത്തരത്തിൽ തൊഴിൽ നികുതി ഇനത്തിൽ വരവിൽ നഷ്ടം വന്നിട്ടുണ്ട്. ഇക്കാര്യത്തിൽ നൽകിയ അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി-4, 2-11-16) ലഭ്യമാക്കിയ മറുപടിയിൽ ചട്ടപ്രകാരം ടി സ്ഥാപനത്തിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-2 സാംഖ്യയിൽ പേയ്മെന്റ് ഓർഡർ അടിക്കാതെ പണം പിൻവലിക്കലുകൾ നടത്തി

തനത് ഫണ്ട് അക്കൗണ്ടിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടുള്ളത് പണം പിൻവലിച്ച തിയ്യതിക്ക് ശേഷമാണ്. സാംഖ്യയിൽ പേയ്മെന്റ് ഓർഡർ അടിക്കാതെ പണം പിൻവലിക്കലുകൾ നടത്തിയത് ശരിയായ നടപടിക്രമമല്ല. 2016 ജനുവരി, ഫെബ്രുവരി മാസത്തെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ചെക്ക് നമ്പർ | തുക | ബാങ്കിൽ നിന്നും പണം പിൻവലിച്ച | സാംഖ്യയിൽ പേയ്മെന്റ് ഓർഡർ അടിച്ച തിയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| | | തിയ്യതി | |
| 660675 | 47654 | 6.01.16 | 5.02.16 |
| 660679 | 17400 | 8.01.16 | 5.02.16 |
| 660677 | 6046 | 11.01.16 | 5.02.16 |
| 660681 | 24045 | 13.01.16 | 5.02.16 |
| 660680 | 185000 | 14.01.16 | 8.02.16 |
| 660676 | 3468 | 15.01.16 | 5.02.16 |
| 660683 | 12285 | 18.01.16 | 6.02.16 |
| 660682 | 3900 | 19.01.16 | 6.02.16 |
| 660684 | 2000 | 20.01.16 | 6.02.16 |
| 660678 | 382 | 20.01.16 | 5.02.16 |
| 660685 | 24060 | 29.01.16 | 6.02.16 |
| 660689 | 51000 | 2.02.16 | 6.02.16(50000)<br>21.03.16(1000) |
| 660686 | 3000 | 2.02.16 | 6.02.16 |
| 660688 | 56898 | 2.02.16 | 6.02.16 |

മേൽ വിഷയവുമായി ബന്ധപ്പെട്ട് കൊടുത്ത ഓഡിറ്റ് എൻക്വയറിക്കുള്ള (2.11.16 ലെ എൻക്വയറി 2) മറുപടിയിൽ 2015 ഡിസംബർ 31 ന് അക്കൗണ്ടന്റ് മരണപ്പെട്ടുവെന്നും ആ സമയത്ത് സാംഖ്യയിൽ പരിചയവും അറിവും ഉള്ള ജീവനക്കാരാരും ഓഫീസിൽ ഉണ്ടായിരുന്നില്ല എന്നും സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

1) 2015-16 വർഷത്തിൽ വാണിജ്യാവശ്യത്തിനു നികുതി നിർണ്ണയം നടത്തിയ 13 കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി നിർണ്ണയിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 (ബി), 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിൽ ചട്ടം 13 എന്നിവ പ്രകാരം നോട്ടീസ് നൽകിയിട്ടില്ല. മേൽ നിയമം, ചട്ടം എന്നിവ പ്രകാരം നോട്ടീസ് നൽകി എല്ലാ സ്ഥാപനങ്ങളിൽ നിന്നും, ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

2) 2015-16 വർഷത്തിൽ ഡി & ഒ ലൈസൻസ് എടുത്ത 141സ്ഥാപനങ്ങളിൽ തൊഴിൽ നികുതി നിർണ്ണയിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 (ബി) മുതൽ 205 (എഫ്) വരെ, കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിൽ ചട്ടം 10, 13 എന്നിവ പ്രകാരം നോട്ടീസ് ഒരു സ്ഥാപനത്തിനും നൽകിയിട്ടില്ല. നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഭൗതികപരിശോധനയിൽ കാണപ്പെട്ട അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. എഞ്ചിനിയർ

3.11.2016ൽ അസി. എഞ്ചിനിയർ നടപ്പാക്കിയ പദ്ധതി പ്രദേശങ്ങൾ ഭൗതികപരിശോധനക്ക് വിധേയമാക്കുകയുണ്ടായി. പരിശോധനയിൽ ഓഡിറ്റ് ടീമിനെ അനുഗമിച്ച ഓവർസിയർ ശ്രീമതി.സിനി. ടി.കെ. വസ്തുതകൾ ബോദ്ധ്യപ്പെട്ട് മഹസർ ഒപ്പിട്ട് നൽകി. താഴെ പറയുന്ന ചെലവുകൾ ചെക്ക് മെഷർ ചെയ്ത ഓഫീസറുടെ ഭാഗത്ത് നിന്നുള്ള സൂക്ഷ്മതക്കുറവായി ഓഡിറ്റിൽ വീക്ഷിക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നം | എം.ബി. നം | ഇനം നം. | അപാകതകൾ | അനുവദനീയമായത് | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | Ayurvedic dispensary maintanance. 082/15 | 034/13-14 | 2012ലെ SOR 17/roofing corrugated sheet .80mm for 211.46$m^2$@ 6979/10$m^2$ 147577.93 | GI corrugated sheet 0.80mm thick എന്നതിനു പകരം 0.40mm thickness sheet ഉപയോഗിച്ചിരിക്കുന്നു. | 120384/- Treasury Bill No. 18/15-16 dt. 29.1.16 | 27193 |
| 2 | Drainage in manavalan road II phasse 115/15 | 91/15-16 | Item 1 earth work excavation for 5.32m2@184=978 item 2 dry rubble masonry for 5.52$m^2$@2237/$m^3$ =11900 item 3 RR masonry for 5.47$m^3$@4640/$m^3$ =25380 | പ്രവൃത്തികളുടെ നിജസ്ഥിതി കാണപ്പെടാൻ കഴിയാത്തവിധം സ്വകാര്യവ്യക്തി മതിൽകെട്ടി ഉയർത്തിയിരിക്കുന്നു | 38258/- Treasury Bill No. 49/15-16 dt. 31.3.16 | 38258 |
| | | | | | | 65451 |

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

05.11.2016ൽ ഹാജരാക്കിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ക്രമ നം. 1ഉം, 2ഉം പ്രകാരം ചെലവഴിച്ച തുക നിയമാനുസൃതം ഈടാക്കി ഓഡിറ്റിനെ അറിയിയ്ക്കേണ്ടതാണ്. 0.80mm thicknessനു പകരം 0.35mm കനമുള്ള ഷീറ്റിന്റെ നിരക്കാണ് നൽകേണ്ടത്.

## 3-2 സപ്ളൈകോ മാവേലി സ്റ്റോർ -അനുബന്ധ സൗകര്യങ്ങൾ തുക നൽകിയത്

പ്രോജക്ട് നം. - 33/15-16

ബിൽ നം. 032/15-16/28.8.15

വൗച്ചർ നം. -21500643/22.12.15

ഡി.ഡി.നം.170473/26.8.15

തുക - 100000/-

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

മേൽപ്പറഞ്ഞ വൗച്ചർ പ്രകാരം ഒരുമനയൂർ ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്ന മാവേലി സ്റ്റോറിന് 2015-16 കാലയളവിൽ പ്രോജക്ട് വയ്ക്കുകയും അനുബന്ധ സൗകര്യങ്ങൾ ഒരുക്കിയതിന് താല്ക്കാലികമായി തനത്ഫണ്ടിൽ നിന്ന് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇത് പിന്നീട് പദ്ധതി വിഹിതത്തിൽ നിന്ന് റീക്കൂപ്പ് ചെയ്യണമെന്ന വ്യവസ്ഥയിലാണ് തുക അനുവദിച്ചിരുന്നത്. തുക റീക്കൂപ്പ് ചെയ്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. 4.2.13ലെ സർക്കാർ ഉത്തരവ് സ.ഉ.(സാ.ധാ)നം.301/13 /ത.സ്വ.ഭ.വ തിരുവനന്തപുരം പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി ആരംഭിക്കുന്ന മാവേലിസ്റ്റോറുകൾക്ക് 5വർഷത്തെ വാടകരഹിത കെട്ടിടവും രണ്ടാമത് ആരംഭിക്കുന്ന മാവേലിസ്റ്റോറുകൾക്ക് അതു പ്രവർത്തിക്കുന്ന കാലത്തേക്ക് വാടകരഹിത കെട്ടിടവും കൂടാതെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും ഫർണീഷിംഗിനുമായി ഒരു ലക്ഷം രൂപയും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനം ഒടുക്കേണ്ടതാണെന്നും പ്രതിമാസ വിറ്റുവരവ് മിനിമം 400000/- രൂപ ആയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഒരുമനയൂർ ഗ്രാമപഞ്ചായത്തിൽ ആദ്യമായി തുടങ്ങിയ (വാർഡ്-13/57കെട്ടിടം) മാവേലിസ്റ്റോറിന് മേൽപ്പറഞ്ഞ പ്രകാരം ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും ഫർണിഷിങ്ങിനും കൂടി 100000രൂപ നൽകിയത് അനുവദനീയമല്ല. നം. 1/2.11.16 ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ തുക തടസ്സപ്പെടുത്തുന്നു.

## 3-3 വിവിധ പ്രോജക്ടുകൾക്കായി കെൽട്രോണിൽ നിന്ന് കംപ്യൂട്ടറുകൾ വാങ്ങൽ -ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

2015-16 വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ലാപ്പ്ടോപ്പ് വാങ്ങുന്നതിനായി പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ കെൽട്രോണിൽ നിന്ന് ഇപ്രകാരം വാങ്ങലുകൾ നടത്തുമ്പോൾ ജി.ഒ.(പി)1/2006/ എസ്.പി.ഡി.2.2.06 ഉത്തരവു പ്രകാരമുള്ള നിർദ്ദേശങ്ങൾ

പാലിക്കേണ്ടതാണ്. ആയതു പ്രകാരം കെൽട്രോൺ നിർമ്മിക്കാത്തവ/അസംബിൾ ചെയ്യാത്തവ ഓർഡർ തുകയുടെ 50 ശതമാനത്തിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങൾ മറ്റു ബ്രാന്റുകളാണെങ്കിൽ ടെണ്ടർ സമ്പ്രദായം സ്വീകരിക്കേണ്ടതുമാണ്. വിശദവിവരം താഴെച്ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.7/4.11.16)

| പ്രോജക്ട് നം | ഇനം | തുക | ബിൽനം/ തീയ്യതി | വൗച്ചർനം/ തീയ്യതി<br>ഡി.ഡി.നം/ ചെ.നം/തീയ്യതി |
|---|---|---|---|---|
| SO 120/16 | പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക്<br>ലാപ്പ്ടോപ്പ്(5 പേർക്ക് (യൂണിറ്റൊന്നിന് @30476/- +വാറ്റ് @ 5%,)<br>കെൽട്രോൺ, ഖലീഫ ബിൽഡിംഗ്, എസ്.ആർ.എം.റോഡ് കൊച്ചിൻ<br>ലാപ്പ്ടോപ്പ്<br>സ്പെസിഫിക്കേഷൻ- Acer Aspire intel<br>Pentium Quad core processor,2GB DDR3 RAM,500GB SATAHDD,DVI RW,14/15"display,battery& power adaptor,Windows 8 SL OS carry case | 160000/- | 039/ 22.9.15 | 21500380/ 23.9.2015<br>ഡി.ഡി.നം. 171308/ 23.09.2015 |
| SO071/16 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകൽ<br>ലാപ്പ്ടോപ്പ്<br>സ്പെസിഫിക്കേഷൻ<br>(മേൽ സൂചിപ്പിച്ച | 200000/- | 30/ 28.8.15 | 21500274/ 18.8.15<br>ഡി.ഡി.നം. 170274/ 18.8.15 |

| | | | | |
|---|---|---|---|---|
| | പട്ടിക പ്രകാരമുള്ളത്) | | | |
| SO119/15 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങൽ | 154560/- | 003/ 25.6.15- 150752/- 004/ 25.6.15- 3808/- | 21500153/ 30.6.15- 3808/- 21500154/ 30.6.2015 -150752 ഡി.ഡി.നം. 69258/ 27.06.15 ഡി.ഡി.നം. 69259/ 27.06.2015 |

ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-4 സി.എഫ്.എൽ വാങ്ങലും സ്ഥാപിക്കലും - അധികം വാങ്ങിയ ലൈറ്റുകളുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

പ്രോജക്റ്റ്. നം - SO 076/16

ബിൽ നം - 13/17.8.15

ഇൻവോയ്സ് നം-608/28.7.15 (ക്രൂസ്, സീതാംഗോളി,മയിൽപ്പാടി, കാസർഗോഡ്)

തുക-83500/-

ഡി.ഡി.നം.170272/18.08.2015.

വൗച്ചർനം-21500275/18.8.2015

20.8.15ൽ പഞ്ചായത്തിലെ വിവിധ വാർഡുകളിലേക്ക് (1 മുതൽ 13 വരെയുള്ളത്) 55 സി.എഫ്.എൽ വിളക്കുകൾ വാങ്ങിയിട്ടുണ്ട്. (2x11 W40 (മാനുവൽ) എണ്ണം, 2x11 W40 (ഓട്ടോമാറ്റിക്ക്) 15എണ്ണം). എന്നാൽ വിവിധ വാർഡുകളിലേക്കുള്ള വിതരണ ലിസ്റ്റ് പ്രകാരം ആകെ 52 പോസ്റ്റുകളിലേക്കുള്ള സി.എഫ്.എല്ലിന്റെ കണക്കുകളാണ് പഞ്ചായത്ത് തയ്യാറാക്കിയിരിക്കുന്നത്. കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, മണത്തലയുടെ DB/BCH/ 52/15-16/ OYR-GP തീ.9.9.2015 കത്തു പ്രകാരം ഏതാനം പോസ്റ്റുകളിലേക്കുള്ള സ്ട്രീറ്റ് മെയിൻ ഇല്ലാത്തതിനാൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കുന്നതല്ല എന്നറിയിച്ചിട്ടുണ്ട്. ഇതേത്തുടർന്ന് 18.9.15ൽ പോസ്റ്റുകളുടെ എണ്ണം 40ആയി പരിമിതപ്പെടുത്തി വീണ്ടും കെ.എസ്.ഇ.ബിക്ക് ലിസ്റ്റ് നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബിയുടെ 1.2.16ലെ DB/BCH/ 123/15-16/ OYRPANCHAYATH കത്തു പ്രകാരം 40 സി.എഫ്.എൽ ബൾബുകൾ സ്ഥാപിക്കുന്നതിന് ടി സ്ഥാപനത്തിന് നൽകിയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്. 15 സി.എഫ്.എൽ. ബൾബുകൾ അധികം വാങ്ങിയതിന്റെ ഇഷ്യൂ

തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ പ്രത്യേകം ചേർത്തിട്ടില്ല. ഇവയുടെ വിനിയോഗം സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.8/4.11.16)

## 3-5 വിനിയോഗസർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഐ.എ.വൈ പദ്ധതിക്കായി തുകകൾ നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ വിനിയോഗ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയിട്ടില്ല. വിവരം താഴെച്ചേർക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | തുക | ചെലവിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| SO135/16 | ഐ.ഏ.വൈ. ഭവനപദ്ധതി ജനറൽ | 714730/- | ബിൽ.നം.069/ 31.3.16<br>ഡി.ഡി.നം.384665/ 31.6.16 |
| SO136/16 | ഐ.എ.വൈ. ഭവനപദ്ധതി എസ്.സി.പി | 252166/- | ബിൽ.നം.071/ 31.3.16<br>ഡി.ഡി.നം.386162/ 6.4.2016 |
| | ആകെ | 966896 | |

വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതു വരെ തുക തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.9/4.11.2016)

## 3-6 അതുല്യം പ്രാഥമികവിദ്യാഭ്യാസ പരിപാടി- പദ്ധതി പൂർത്തീകരണത്തിന്റെയും ലക്ഷ്യപ്രാപ്തി കൈവരിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം-S0 042/2016

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

തുക-39332/-

വൗച്ചർ നം-2150279/18.8.15

ബിൽ നം-14/17.8.15

ഡി.ഡി.നം.170271/18.08.15

കേരളസ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റിയുടെ നേതൃത്വത്തിൽ പഞ്ചായത്തിൽ നടത്തിയ "അതുല്യം" പ്രാഥമിക വിദ്യാഭ്യാസ പരിപാടിക്കായി മേൽപ്പറഞ്ഞ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യപ്രാപ്തി കൈവരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ക്ലാസ്സുകളുടെ വിലയിരുത്തൽ, മോഡൽ പരീക്ഷ മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം, ഇവാല്വേഷൻ എന്നിവ നടത്തിയതിനു ശേഷമുള്ള സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പ്രഖ്യാപനത്തോടു കൂടി

മാത്രമാണ് പദ്ധതി പൂർത്തീകരിക്കപ്പെടുന്നത്. മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിന്റെ രേഖകൾ (പൂർത്തീകരണ സർട്ടിഫിക്കറ്റുകൾ) ലഭ്യമാക്കുന്നതു വരെ ചെലവ് തുക 39,322/-രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.10/4.11.16)

## 3-7 മഴപ്പൊലിമ -പദ്ധതി പൂർത്തീകരണ സർട്ടിഫിക്കറ്റിൽ തീയ്യതി ചേർത്തിട്ടില്ല, വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല

പ്രോജക്ട് നം-SO 044/16

ബിൽ നം-041/30.9.2015

വൗച്ചർനം-21500485/30.10.15

ഡി.ഡി.നം.171527/1.10.2015

തുക-168750/-

മഴപ്പൊലിമ പ്രോജക്ട് നടപ്പിലാക്കിയപ്പോൾ കിണർ റീച്ചാർജ്ജിംഗ് പ്രവൃത്തിക്കായി വികസനഫണ്ടിൽ നിന്ന് 168750 രൂപയും ഗുണഭോക്തൃവിഹിതമായി 56250രൂപയുമാണ് നിർണ്ണയിച്ചിരുന്നത്. 22.7.15ലെ പഞ്ചായത്ത് യോഗത്തിലെ തീരുമാനം 3(27) പ്രകാരം 50 പേരാണ് ഉണ്ടായിരുന്നത്. എന്നാൽ പ്രോജക്ട് തയ്യാറാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 56 ഗുണഭോക്താക്കൾക്ക് തുക നല്കിയിട്ടുണ്ട്. എന്നാൽ ഇതിനായി സബ്സിഡി വകയിരുത്തി ഗുണഭോക്തൃവിഹിതം നിർണ്ണയിച്ചപ്പോൾ 20250 രൂപ കുറവാണ് ഈടാക്കിയിരിക്കുന്നത്. 2015 സെപ്റ്റംബർ മാസത്തിൽ ആണ് പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. ചില അപേക്ഷകളിൽ ഗ്രാമപഞ്ചായത്ത് മെമ്പർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെച്ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പൂർത്തീകരണറിപ്പോർട്ടിലെ ന്യൂനത |
|---|---|
| ഗോവിന്ദൻ.കെ.കെ, കുറുമ്പൂർ ഹൗസ്, ഒരുമനയൂർ | മെമ്പർ സാക്ഷ്യപ്പെടുത്തിയിട്ടില്ല, പദ്ധതി നടപ്പിലാക്കിയ തീയ്യതി ചേർത്തിട്ടില്ല, സംഭരണ പ്രതലത്തിന്റെ വിസ്തീർണ്ണം ചേർത്തിട്ടില്ല. |
| മുഹമ്മദ്കാസിം.ആർ.ഒ., രായംമരയ്ക്കാർ വീട്ടിൽ, | ,, |
| ഒ.കെ.ഗോപി, വടക്കുംപുറത്ത് പി.ഒ., ഒരുമനയൂർ | മെമ്പർ സാക്ഷ്യപ്പെടുത്തിയിട്ടില്ല, പദ്ധതി നടപ്പിലാക്കിയ തീയ്യതി ചേർത്തിട്ടില്ല, സംഭരണ പ്രതലത്തിന്റെ വിസ്തീർണ്ണം ചേർത്തിട്ടില്ല. |

എല്ലാ പൂർത്തീകരണ റിപ്പോർട്ടുകളും വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഇവിടെ പ്രതിപാദിച്ച വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.11/5.11.16)

## 3-8 ഗ്രാമസഭ വഴി തെരഞ്ഞെടുക്കപ്പെടാത്തവർക്കും ആനുകൂല്യം നൽകി

പ്രോജക്ടിന്റെ പേര് : കോഴി വളർത്തൽ - വനിത

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

പ്രോ.നം 24/16

ബിൽ നം. kvp 1/15-16 തി. 20.3.16 തുക 50000

പദ്ധതിയിൽ ഒരു ഗുണഭോക്താവിന് 500 രൂപ സബ്സിഡി നിരക്കിൽ 8 കോഴി കുഞ്ഞുങ്ങളെയാണ് വിതരണം നടത്തിയിരിക്കുന്നത്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ഗ്രാമസഭകൾ വഴിയാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടത്. എന്നാൽ വെറ്ററിനറി സർജൻ നടപ്പിലാക്കിയ മേൽ പദ്ധതിയിൽ ഗ്രാമസഭ വഴി തിരഞ്ഞെടുക്കപ്പെടാത്തവർക്കും ആനുകൂല്യം നൽകിയതായി കാണുന്നു. ഓരോ വാർഡിലെയും ഗ്രാമസഭ വഴി തയ്യാറാക്കിയ ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് പരിശോധിച്ചതിൽ ആനുകൂല്യം കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

| ഗുണഭോക്താവിന്റെ പേര് | വാർഡ് നം. |
|---|---|
| നഫീസ മുഹമ്മദ്കുട്ടി , വലിയകത്ത് | 7 |
| നെബീസക്കുട്ടി അറയ്ക്കൽ | 7 |
| സാറു പണിക്കവീട്ടിൽ | 8 |
| ദേവയാനി വടക്കേപുരയ്ക്കൽ | 5 |
| സ്റ്റെല്ല ജോണി, എടക്കളത്തൂർ | 13 |
| ശോഭന രവീന്ദ്രൻ | 4 |
| ഷെരീഫ പണിക്കവീട്ടിൽ | 6 |
| സുഹൈന പണിക്കവീട്ടിൽ | 12 |
| ജമീല പോക്കാക്കില്ലത്ത് | 3 |
| സിന്ധു ബാലകൃഷ്ണൻ കുറുപ്പേരി | 13 |
| തങ്ക വിജയൻ തോണിപുരയ്ക്കൽ | 5 |
| ഉഷ കവുവിൽ | 15 |

ഗ്രാമസഭ വഴി തിരഞ്ഞെടുത്ത ഗുണഭോകതൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ആനുകൂല്യം കൈപ്പറ്റിയതുമായ മേൽ ഗുണഭോക്താക്കൾക്ക് നൽകിയ സബ്സിഡി തുക 6000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2015 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- 011/16 | 100000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2016 | 75000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- 011/16 | 75000 | - |
| ജില്ല പഞ്ചായത്ത് | 2015 | 50000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- (എസ്. സി. പി.) so 012/16 | 50000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യു.എ | അയോദ്ധ്യ നഗർ അമ്പലത്താഴം പൈപ്പ് ലൈൻ സ്ഥാപിക്കൽ- 116/16 | 48078 31.07.15 | 79000 | 66259 | 12741 |
| കെ.ഡബ്ല്യു.എ | കുടിവെള്ള പൈപ്പ് ലൈൻ വിവിധ വാർഡുകളിലേക്ക് ദീർഘിപ്പിക്കൽ- 114/16 | 48077 31.07.15 | 310000 | 257790 | 52210 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ പോസ്റ്റ് മാറ്റൽ - | 616415 30.10.15 616416 | 15500 5900 | 21400 | - |

| | | | | | |
|---|---|---|---|---|---|
| | so 123/16 | 30.10.15 | | | |
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ so 95/16 | 170628 18.8.15 170626 18.8.15 170627 18.8.15 | 6771 25160 4450 | 36381 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് നൽകിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ ചെക്ക്നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | ജോഷി ഫ്രാൻസിസ് | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം so 112/16 | 616142 27.10.15 | 100000 | 100000 | - |
| 2 | കെ.കെ.കുഞ്ഞപ്പ | IHDP തീരദേശ സൈഡ് പ്രൊട്ടക്ഷൻ സ്ലൂയിസ് നിർമ്മാണം SO 89/16 | 616860 30.11.15 | 100000 | 100000 | - |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5300 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 5300 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5300 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| സ്പിന്നിങ്ങ് മിൽ ലിമിറ്റഡ് | 5000 |
| തൃശ്ശൂർ കോപ്പറേറ്റീവ് ബാങ്ക് | 300 |
| ആകെ | 5300 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 23390940 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 33780851 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 71451 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1106228 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ട തുക ചാർജ്ജ ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 65451 | റീഷ്മ. പി.പി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | - | 6000 | ഡോ.സന്തോഷ്.പി.ടി., വെറ്ററിനറി സർജൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | | ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 100000 | ഇ.എ.രാജൻ, സെക്രട്ടറി |
| 3-5 | 966896 | ഇ.എ.രാജൻ, സെക്രട്ടറി |
| 3-6 | 39332 | ഇ.എ.രാജൻ, സെക്രട്ടറി |
| ആകെ | 1106228 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സന്തോഷ്.പി.ടി., വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, ഒരുമനയൂർ ഗ്രാമപഞ്ചായത്ത് | പാട്ടൂർഹൗസ്, പി.ഒ. പാട്ടൂർ |
| റീഷ്മ. പി.പി., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഒരുമനയൂർ ഗ്രാമപഞ്ചായത്ത് | പയ്യപ്പാട് ഹൗസ്, തിരുവെങ്കിടം, ഗുരുവായൂർ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 67-68, 80-81, 82-83, 83-84, 84-85, 85-86, 86-87, 87-88,88-89, 89-90, 90-91, 91-92, 92-93, 93-94, 94-95, 95-96 | എൽ.എഫ്.ടി.എസ്.2-1314/11/14.07.11 |
| 96-97 | എൽ.എഫ്.ടി.13-564/98/12.10.98 |
| 97-98(ചെലവ്) | എൽ.എഫ്.ടി.17-1844/99/22.02.2000/ 29.05.2000 |
| 98-99(ചെലവ്) | എൽ.എഫ്.ടി.13-733/01/27.06.02/9.12.2007 |
| 99-2000(ചെലവ്) | എൽ.എഫ്.ടി.13-740/03/02.09.03 |

| | |
|---|---|
| 99-2000(വരവ്) | എൽ.എഫ്.ടി.13-609/06/12.10.06/08.03.07 |
| 2000-01, 2001-02പ്ളാൻ | എൽ.എഫ്.ടി.13-1540/03/20.02.04 |
| 97-98(വരവ്) | എൽ.എഫ്.ടി.13-607/06/12.10.06/08.03.07 |
| 98-99(വരവ്) | എൽ.എഫ്.ടി.13-608/08/12.10.06/08.03.07 |
| 2000-01പദ്ധതിവിഹിതം ഒഴികെ | എൽ.എഫ്.ടി.13-1520/07/24.06.08 |
| 2001-02പദ്ധതിവിഹിതം ഒഴികെ | എൽ.എഫ്.ടി.13-2359/07/24.06.08 |
| 2002-03പദ്ധതിവിഹിതം ഒഴികെ | എൽ.എഫ്.ടി.13-2360/07/24.06.08 |
| 2003-04വരവ്ചെലവ് | എൽ.എഫ്.ടി.13-1263/08/15.12.09 |
| 2004-05 | എൽ.എഫ്.ടി.13-1264/08/15.12.09 |
| 2005-06 | എൽ.എഫ്.ടി.13-650/09/18.09.10 |
| 2006-07 | എൽ.എഫ്.ടി.13-651/09/18.09.10 |
| 2007-08 | എൽ.എഫ്.ടി.13-1137/10/22.01.2011 |
| 2008-09 | എൽ.എഫ്.ടി.13-1138/10/22.01.11/07.05.11 |
| 2009-10 | എൽ.എഫ്.ടി.പി4-1078/12/27.09.12/14.03.13 |
| 2010-11 | എൽ.എഫ്.ടി.പി4-1079/12/27.09.12/14.03.13 |
| 2011-12 | എൽ.എഫ്.ടി.പി3-1434/13/13.01.2014/ 04.03.2014 |
| 2012-13 | എൽ.എഫ്.ടി.പി.8-571/14 തീ.4.11.2014/7.01.2015 |
| 2013-14 | കെ.എസ്.എടി.എസ്.അർ.പി.8-944/15 തി.20.07.2015/7.12.2015 |
| 2014-15 | കെ.എസ്.എടി.എസ്.അർ.പി.8-1228/16 തി. 23.7.16 |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി8 ) 32/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020

തിയ്യതി: 06.01.2017

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ.

No.KSA-TSR(P8)32/17

Office of the Joint Director of

Kerala State Audit Department,

District Audit Office, Thrissur

PIN 680 020, Dated: 06.01.2017

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Orumanayoor Grama panchayath in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Orumanayoor Grama Panchcyath for the year 2015-16, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office, Thrissur.